No. 182/2023
06/09/2023 PL-2

# ഇടയലേഖനം

പോൾ ആലപ്പാട്ട്

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും**
**രാമനാഥപുരം രൂപതാ മെത്രാൻ**
**തന്റെ സഹപ്രവർത്തകരായ വൈദികർക്കും സന്യസ്തർക്കും**
**തന്റെ സൂക്ഷത്തിന് ഭരമേല്പ്പിക്കപ്പെട്ടിട്ടുള്ള**
**ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്.**

## മിഷൻ ഞായറാചരണവും ജപമാല ഭക്തിയും

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ

ത്രിത്വൈക ദൈവത്തിന് സ്തുതി!

നാം വീണ്ടുമൊരു ഒക്ടോബർ മാസത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രവർത്തനനിരതമായ ഒരു മാസമാണിത്. നമ്മുടെ പ്രേക്ഷിത ദൗത്യത്തെ ഓർമ്മപ്പെടുത്തുന്ന മിഷൻ ഞായർ, നിത്യരക്ഷക്കും ലോകസമാധാനത്തിനു വേണ്ടി ജപമാലചൊല്ലി പ്രാർത്ഥിക്കാൻ ഓർമ്മപ്പെടുത്തുന്ന ജപമാല രാജ്ഞിയുടെ മാസം.

**A. മിഷൻ ഞായർ:**

“ഞാൻ സുവിശേഷം പ്രസംഗിക്കുന്നുവെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ് ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം (1 കോറി 9:16)

ചരിത്രപരമായി ഈശോമിശിഹാ ഈ ലോകത്തോട് വിടപറയുന്നതിന് മുൻപ് നമ്മെ ഓർമ്മപ്പെടുത്തിയതും അത് തന്നെയാണല്ലോ “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോസ് 16:15). ഇതിനുവേണ്ടിയുള്ള പരിശീലനമായിട്ടാണല്ലൊ തന്റെ പരസ്യ ജീവിതകാലത്ത് തന്നെ ഈശോ അപ്പസ്തോലന്മാരെ ഒരുക്കി പരീക്ഷണാർത്ഥം പറഞ്ഞയച്ചത്: “......പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കുവിൻ, രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധമാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ, ദാനമായി നിങ്ങൾക്ക് കിട്ടി; ദാനമായി തന്നെ കൊടുക്കുവിൻ (മത്തായി 10: 7–8) പ്രേഷിതവേലയെ സംബന്ധിച്ച ഈശോയുടെ ദർശനവും പ്രേക്ഷിതർക്ക് വേണ്ടിയുള്ള അവിടുത്തെ മാർഗ്ഗരേഖയും മത്തായിയുടെ സുവിശേഷത്തിൽ ‘പ്രേഷിത സംഭാഷണം” എന്നറിയപ്പെടുന്ന ഈ സുവിശേഷ ഭാഗത്ത് വളരെ വ്യക്തമാണ്. ഈ അടിസ്ഥാനത്തിലാണ് നമ്മുടെ നിലവിലെ പ്രേക്ഷിത ദർശനവും ചൈതന്യവും രീതികളും വിലയിരുത്താൻ. രാമനാഥപുരം രൂപതയെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രഥമ രൂപതാ യോഗത്തിന് ശേഷമുള്ള ആദ്യത്തെ ആഗോള പ്രേഷിത ഞായർ ആണല്ലോ ഈ മാസം 22ന് നാം ആചരിക്കുന്നത്. “സീറോ മലബാർ സഭയുടെ ദൗത്യവും ജീവിതവും: കാലഘട്ടത്തിന്റെ ആവശ്യത്തോടുള്ള പ്രതികരണം, രാമനാഥപുരം രൂപതയുടെ പ്രത്യേക പശ്ചാത്തലത്തിൽ” എന്ന വിഷയത്തെ ആസ്പദമാക്കി നാം ഒരുപാട് പഠിച്ചു, പ്രാർത്ഥിച്ചു, ചർച്ചചെയ്തു, തീരുമാനങ്ങളെടുത്തു. ചർച്ചകളിലുടനീളം നമുക്ക് ഒരു കാര്യം മനസ്സിലായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉപജീവനമാർഗ്ഗം തേടി തമിഴ്നാട്ടിലേക്ക് വരുന്നവരുടെ വിശ്വാസവും, ആത്മീയ ജീവിതവും, നിലനിർത്താനും പരിപോഷിപ്പിക്കാനും നമുക്ക് സാധിക്കുന്നതെല്ലാം ചെയ്തു. കൂട്ടത്തിൽ നാനാജാതി മതസ്ഥരായവർക്ക് അറിവിന്റെ വെളിച്ചവും രോഗിപരിചരണത്തിന്റെ സ്പർശനവും, ജീവകാരുണ്യ സംരക്ഷണവും നൽകി. അങ്ങനെ നാം ഉൾപ്പെടെയുള്ള നാനാജാതി മതസ്ഥർക്ക് ഈശോമിശിഹായെയും അവിടുത്തെ സുവിശേഷ മൂല്യങ്ങളെയും മനസ്സിലാക്കി കൊടുത്തു. ഇത് വളരെ നല്ലതും പ്രധാനപ്പെട്ടതും തന്നെ. അതുമാത്രം മതിയോ? ഇവയിൽ മാത്രം സംതൃപ്തി കണ്ടെത്താനാണോ നമ്മുടെ നീക്കം? അതേസമയം ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ നാനാജാതി മതസ്ഥരെ എന്തുമാത്രം സ്വാധീനിക്കാൻ നമുക്ക് കഴിയുന്നുണ്ടെന്ന് നാം വളരെ ഗൗരവത്തിൽ ചിന്തിക്കണം.

ഈശോയുടെ പേരിലും ഈശോയ്ക്ക് വേണ്ടിയും നാം എന്തൊക്കെ ചെയ്താലും ഈശോയുടെ നാമവും സുവിശേഷവും മറ്റുള്ളവരിലേക്ക് എത്താത്തിടത്തോളം കാലം ഈശോയുടെ ഹൃദയവും, മനസ്സും, ജീവിതവും, മറ്റുള്ളവരിലേക്കെത്തി, ഈശോയെ ദൈവപുത്രനും യഥാർത്ഥ രക്ഷകനുമായി മറ്റുള്ളവർ

അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യാത്തിടത്തോളം കാലം നമ്മുടെ സുവിശേഷവേലയും പ്രേഷിത പ്രവർത്തനവും അപൂർണ്ണമാണെന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നു.

1955-ൽ ഈ മണ്ണിലേക്ക് അവിഭക്ത തൃശ്ശൂർ രൂപത കടന്നുവന്നിട്ട് 68 വർഷങ്ങൾ പിന്നിടുമ്പോൾ ഈ രംഗത്ത് എത്രമാത്രം നാം നേടി? ആഗോള പ്രേഷിത പ്രവർത്തനങ്ങളുടെ സ്വർഗീയ മധ്യസ്ഥരായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെയും ബോദ്ധ്യങ്ങൾ പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ നാം എത്രമാത്രം പിന്നിലാണെന്ന് ബോദ്ധ്യപ്പെടും. "ഞാൻ അറിയുന്ന ഈശോയെ എല്ലാവരും അറിയണം. ഞാൻ സ്നേഹിക്കുന്ന ഈശോയെ എല്ലാവരും സ്നേഹിക്കണം" (വിശുദ്ധ കൊച്ചുത്രേസ്യ). അവളുടെ പ്രാർത്ഥനകളും സഹനങ്ങളും ഈ ലക്ഷ്യപ്രാപ്തിക്ക് വേണ്ടിയാണ് അവൾ അത്യന്തം കാഴ്ചവച്ചത്. "എനിക്ക് ആത്മാക്കളെ തരിക, ബാക്കിയെല്ലാം എടുത്തുകൊള്ളുക" (വിശുദ്ധ ഫ്രാൻസിസ് സേവ്യർ) തന്റെ ജീവിതത്തിലെ ഏകലക്ഷ്യമായി ആ പുണ്യവാൻ കണ്ടത് കഴിയുന്നിടത്തോളം ആത്മാക്കൾ ഈശോയെ പുൽകണമെന്നതാണ്.

ഈ പശ്ചാത്തലത്തിൽ എങ്ങനെ നമുക്ക് നല്ലൊരു പ്രേക്ഷിതനും സുവിശേഷ പ്രഘോഷകനുമാകാം

1) കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് രാമനാഥപുരം രൂപതയിൽ എത്തിയിട്ടുള്ള വൈദികർക്കും, സമർപ്പിതർക്കും, അൽമായർക്കും, അജപാലനശുശ്രൂഷ മാത്രമല്ല സുവിശേഷപ്രഘോഷണ ദൗത്യവും കൂടിയുണ്ട് എന്ന ബോധ്യത്തിൽ പ്രാർത്ഥനാപൂർവ്വം വളരണം.

2) വൈദികരുടെയും സമർപ്പിതരുടെയും അൽമായരുടെയും പള്ളിക്കുള്ളിലും പുറത്തുമുള്ള സാന്നിധ്യവും, സംസാരവും, പ്രതികരണവും, പെരുമാറ്റവും, തികച്ചും സുവിശേഷപരവും ക്രിസ്തീയവും, പരസ്പരം ബഹുമാനിച്ചും അംഗീകരിച്ചും കൊണ്ടുള്ളതും മനുഷ്യത്വപരവുമായിരിക്കണം.

3) ഈശോയെയും, സുവിശേഷത്തെയുംപ്പറ്റി, സഹക്രിസ്ത്യാനികളോടും, ഇതര മതസ്ഥരോടും പറഞ്ഞുകൊണ്ടിരിക്കുന്നത് തന്റെ ജന്മാവകാശവും ഉത്തരവാദിത്വവുമായി, ഓരോ ക്രിസ്ത്യാനിയും കരുതണം.

4) സാഹചര്യം അനുകൂലമായാലും, പ്രതികൂലമായാലും, ഈശോയെ പ്പറ്റി പറയുവാൻ ലഭിക്കുന്ന ഏതൊരവസരവും ഒട്ടും ലജ്ജയും ഭയവും ഇല്ലാതെ ഉപയോഗപ്പെടുത്താനുള്ള തന്റേടം ഓരോ ക്രിസ്ത്യാനിയും പ്രാർത്ഥനയിലൂടെ ആർജ്ജിക്കണം.

5) സുവിശേഷകന്റെ കൂടപ്പിറപ്പാണ് സഹനവും മർദ്ദനവും എന്ന് തിരിച്ചറിയണം. "അവർ എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും" (യോഹന്നാൻ 15: 20) ക്രിസ്തീയ വിശ്വാസത്തെ പ്രതി നൈജീരിയയിലും മണിപ്പൂരിലും നടക്കുന്ന പീഡനങ്ങളും, വംശഹത്യയും, ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ സുവിശേഷപ്രഘോഷകർക്ക് നേരിടേണ്ടിവരുന്ന സഹനങ്ങളും നമുക്ക് പ്രചോദനമാകണം.

6) ലോകമെമ്പാടും സുവിശേഷവേലയിലും പ്രഘോഷണത്തിലും മുഴുകിയിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അൽമായർക്കുമായി ത്യാഗപൂർവ്വം ഉള്ളുരുകി പ്രാർത്ഥിക്കണം.

7) മെത്രാനച്ചൻന്മാരുടെയും, വൈദികരുടെയും, സമർപ്പിതരുടെയും, കുറ്റങ്ങളും കുറവുകളും പറഞ്ഞു പരത്തുന്നതിനേക്കാൾ, അവരുടെ നന്മകളും, അവരിലൂടെ നാനാജാതി മതസ്ഥർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങളും, നാം പഠനത്തിനും ധ്യാനത്തിനും വിഷയമാക്കണം.

8) നാം അദ്ധ്വാനിച്ചുണ്ടാക്കുന്ന പണത്തിന്റെ ഒരു നിശ്ചിതാംശം സ്ഥിരമായി തിരുവചന വ്യാപനത്തിനും സുവിശേഷവേലയ്ക്കുമായി സഭയ്ക്ക് നൽകണം. ഇതിന്റെ ആഗോളാചരണമായ "മിഷൻ ഞായർ" ആചരിക്കപ്പെടുന്ന ഒക്ടോബർ 22ന് വിശുദ്ധ കുർബാനകൾക്കു മദ്ധ്യേ എടുക്കുന്ന പ്രത്യേക പിരിവും/കവർ പിരിവും, മറ്റുതരത്തിൽ സ്വരൂപിക്കുന്ന ഫണ്ടും, 15-11-2023 നു മുമ്പ് പീഡനങ്ങളിലൂടെയും, സഹനങ്ങളിലൂടെയും, കടന്നുപോകുന്ന സഭാ സമൂഹങ്ങളെ സഹായിക്കുന്നതിന് വേണ്ടി രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കണം.

9) നമ്മുടെ രൂപത യുവജന പ്രതിനിധികൾ (SMYM) ഈ മാസം മധ്യപ്രദേശത്തിലുള്ള, സാഗാർ മിഷൻ രൂപത സന്ദർശിക്കാൻ പോകുന്നത്, ഏറെ പ്രോത്സാഹജനകവും അനുകരണീയവുമാണ്. രൂപതക്കുള്ളിലും പുറത്തും ഇതുപോലുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചും പ്രാർത്ഥിച്ചും സഹായിച്ചും ജനങ്ങളിലും കുട്ടികളിലും സുവിശേഷവൽക്കരണ-പ്രേഷിതാഭിമുഖ്യമനോഭാവം വളർത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

### B. ജപമാല മാസം

ലോകസമാധാനത്തിനും നിത്യ രക്ഷക്കും സുവിശേഷവൽക്കരണത്തിനുമായി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ട പരിശുദ്ധ അമ്മയെ, ജപമാല രാജ്ഞിയായി ആദരിക്കുന്ന ഒരു മാസമാണിത്. സഭാ വിശ്വാസത്തെ ചോദ്യംചെയ്ത ആൽബിജെൻസിയൻ പാഷണ്ഡതയ്ക്കും, തുർക്കി ആക്രമണങ്ങൾക്കുമെതിരെ ശക്തമായ പ്രതിരോധനിര തീർത്ത ഭക്തിയായി ചരിത്രത്തിൽ ജപമാല ഭക്തിയെ നമുക്ക് കാണാൻ കഴിയും. ഇന്നും മുടങ്ങാതെ ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ കൈപിടിച്ച്, ഈശോയുടെ ജീവിത രഹസ്യങ്ങൾ ധ്യാനിച്ച് പ്രാർത്ഥിക്കുന്നവർക്ക് ദൈവാഭിഷേകവും ദൈവാനുഗ്രഹവും ലഭിക്കുന്നത് അനുദിനനുഭവമാണ്. അതുകൊണ്ട് സൗകര്യമുള്ള സമയത്ത് രാവിലെയോ, വൈകിട്ടോ, മുടങ്ങാതെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബങ്ങളാണ് നമുക്കുണ്ടാകേണ്ടത്. പരിശുദ്ധ അമ്മയോടൊപ്പം ജപമാല ചൊല്ലി ക്രൂശിതനായ ഈശോയിലേക്ക് നോക്കി കരഞ്ഞു പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ. നമ്മുടെ പിതാക്കന്മാരെയും, വൈദികരെയും, സമർപ്പിതരെയും, കുടുംബങ്ങളെയും, മാതാപിതാക്കളെയും, യുവജനങ്ങളെയും, കുട്ടികളെയും, പാർശ്വവല്ക്കരിക്കപ്പെട്ടവരെയും പരിശുദ്ധ അമ്മയുടെ

കരങ്ങളിലൂടെ ഈശോയ്ക്ക് സമർപ്പിക്കാം. ലോകത്തിനും സഭയ്ക്കും നമ്മുടെ രാഷ്ട്രത്തിനും വേണ്ടി, നമ്മുടെ പള്ളികളിലും, സന്യാസ സമൂഹങ്ങളിലും, സ്ഥാപനങ്ങളിലും, സാധിക്കുന്ന, സൗകര്യമുള്ള ദിവസം പറ്റുമെങ്കിൽ ജപമാല രാജ്ഞിയുടെ തിരുനാളായ ഒക്ടോബർ ഏഴിന്, അഖണ്ഡ ജപമാന ചൊല്ലി പ്രാർത്ഥിക്കണം. അങ്ങനെ ഒക്ടോബർ മാസത്തിലെ പ്രേഷിത ഞായറാചാരണവും ജപമാല ഭക്തിയും നമ്മുടെ സുവിശേഷവൽക്കരണ പ്രേക്ഷിതത്വത്തെ പറ്റി കൂടുതൽ പ്രബുദ്ധരാകുവാനും, പരിശുദ്ധ അമ്മയുടെ സ്നേഹത്തിലും സംരക്ഷണയിലും കൂടുതൽ ദൈവാഭിഷക്തരാകുവാനും നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരിശുദ്ധ അമ്മയും വിശുദ്ധ യൗസേപ്പിതാവും വിശുദ്ധ കൊച്ചുത്രേസ്യയും വിശുദ്ധ ഫ്രാൻസിസ് സേവ്യറും, ഇത്തരുണത്തിൽ നമുക്ക് മാർഗ്ഗദർശികളും, മധ്യസ്ഥരുമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം ഈശോയിൽ നിങ്ങളുടെ പിതാവ്

+ Paul

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം 8-10-2023 ഞായറാഴ്ച രൂപതകളിലെ പള്ളികളിലും പരിശീലന ഭവനങ്ങളിലും സന്യാസ ഭവനങ്ങളിലും, സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കണം. വിശുദ്ധ കുർബാന ഇല്ലാത്തിടത്ത് മറ്റ് സൗകര്യമുള്ള സമയത്ത് വായിക്കണം.+PA